# തുർക്കിക്കോഴികൾ 'ദൈവത്തിന് നന്ദി പറയൽ' ആസ്വദിക്കുന്നില്ല

അരുന്ധതി റോയ്
പരിഭാഷ : സി.കെ. രഘുനാഥ്

കഴിഞ്ഞ വർഷം ജനുവരിയിൽ നമ്മളിൽ ആയിരക്കണക്കിനാളുകൾ ബ്രസീലിലെ പോർട്ടോ അല്ലെഗ്രയിൽ ഒത്തുകൂടി നമ്മുടെ നയപ്രഖ്യാപനം ആവർത്തിച്ചു: "മറ്റൊരു ലോകം സാദ്ധ്യമാണ്". വടക്ക് ഏതാനും ആയിരം മൈലുകളകലെ വാഷിങ്ടണിൽ ജോർജ്ജ് ബുഷും സഹായികളും ഇതേ കാര്യം തന്നെ ആലോചിക്കുകയായിരുന്നു.

നമ്മുടെ പദ്ധതി 'ഒരു ലോക സോഷ്യൽ ഫോറം' ആയിരുന്നു. പലരും പറയുന്നതുപോലെ അവരുടേത് 'പുതിയ അമേരിക്കൻ നൂറ്റാണ്ടിനുള്ള പദ്ധതി' മുന്നോട്ടു നീക്കുകയായിരുന്നു.

യൂറോപ്പിലേയും അമേരിക്കയിലേയും നഗരങ്ങളിൽ ഏതാനും വർഷങ്ങൾക്കുമുമ്പ് ഇത്തരം കാര്യങ്ങൾ മന്ത്രിക്കപ്പെട്ടിരുന്നേയുള്ളു. പക്ഷെ, ഇപ്പോൾ ആളുകൾ സാമ്രാജ്യത്വത്തിന്റെ നല്ല വശങ്ങളെക്കുറിച്ചും മോശമായി പെരുമാറുന്ന ഒരു ലോകത്തിൽ ക്രമസമാധാനപാലനത്തിന് ശക്തിയായ ഒരു സാമ്രാജ്യത്തിന്റെ ആവശ്യകതയെക്കുറിച്ചും തുറന്നു സംസാരിക്കാൻ തുടങ്ങിയിരിക്കുന്നു. പുതിയ ദൗത്യവാഹകർ നീതിയുടെ ചിലവിൽ ക്രമം ആഗ്രഹിക്കുന്നു; അഭിമാനത്തിന്റെ ചിലവിൽ അച്ചടക്കം ആഗ്രഹിക്കുന്നു. എന്തു വിലകൊടുത്തും അധികാരത്തിലേക്കുള്ള ആരോഹണം ആഗ്രഹിക്കുന്നു. ചില സന്ദർഭങ്ങളിൽ നമ്മളിൽ ചിലർ, കോർപ്പറേറ്റ് മാദ്ധ്യമങ്ങൾ ഒരുക്കുന്ന 'നിഷ്പക്ഷ' മണ്ഡപങ്ങളിൽ, ഈ പ്രശ്നം ചർച്ച ചെയ്യാൻ സംവാദത്തിന് ക്ഷണിക്കപ്പെടുന്നു. സാമ്രാജ്യത്വത്തെപ്പറ്റി സംവാദം നടത്തുകയെന്നാൽ, ബലാൽസംഗത്തിന്റെ നന്മ-തിന്മകളെക്കുറിച്ച് ചർച്ച ചെയ്യുന്നതുപോലെയാണ്. നമുക്കെന്താ പറയാൻ കഴിയുക ? ഇല്ലെങ്കിൽ നമുക്കെന്തെങ്കിലും നഷ്ടമുണ്ടോ ?

ഏതർത്ഥത്തിലായാലും പുത്തൻ സാമ്രാജ്യത്വം നമ്മുടെ മേൽ വന്നു കഴിഞ്ഞു. മുമ്പ് നമുക്കറിയാമായിരുന്നതിന്റെ പുതിയ മാതൃകയിലുള്ള, കൂടുതൽ കാര്യക്ഷമതയുള്ള രൂപത്തിൽ. ഒരപരാഹ്നത്തിനകം ലോകത്തെ തുടച്ചുനീക്കാൻ കഴിയുന്ന ആയുധ ശേഖരമുള്ള ഒരു ഏക




സാമ്രാജ്യത്തിന് ചരിത്രത്തിലാദ്യമായി, പൂർണ്ണമായ, ഏകധ്രുവമായ സാമ്പത്തിക-സൈനിക മേധാവിത്തം ലഭിച്ചിരിക്കുകയാണ്. വ്യത്യസ്ത വിപണികൾ തുറക്കാൻ അത് വ്യത്യസ്ത ആയുധങ്ങൾ പ്രയോഗിക്കുന്നു. അമേരിക്കൻ ക്രൂയിസ് മിസൈലുകളുടെയും ഐ.എം.എഫ്. ചെക്കുബുക്കിന്റെയും വലക്കണ്ണികളിൽ കുടുങ്ങാത്ത ഒറ്റ രാജ്യവും ദൈവത്തിന്റെ ഈ ഭൂമിയിലില്ല. നവ ലിബറൽ മുതലാളിത്തത്തിന്റെ പാരമ്പര്യക്കാരനാവാൻ നിങ്ങൾ ആഗ്രഹിക്കുന്നുവെങ്കിൽ, അർജന്റീന മാതൃകയായിട്ടുണ്ട്. കരിങ്കാലിയാവാൻ ആഗ്രഹിക്കുന്നുവെങ്കിൽ ഇറാക്ക് നിങ്ങളുടെ മുമ്പിലുണ്ട്.

**ലോകത്തിലുടനീളം, ഓരോ നഗരത്തിലും ഓരോ ഗ്രാമത്തിലുമുള്ള അവരുടെ ഓഫീസുകൾ നമ്മൾ കണ്ടെത്തണം. നമുക്ക് അവയുടെ പുറകെ പോകാം. നമുക്ക് അവ അടച്ചിടീപ്പിക്കണം. ഒറ്റ നിശ്ചിത ലക്ഷ്യത്തിലേക്ക് നമ്മുടെ സമാഹൃതവിവേകത്തേയും പൂർവ്വകാല സമരാനുഭവങ്ങളേയും കേന്ദ്രീകരിക്കുകയെന്നതിന്റെ പ്രശ്നമാണിത്**

ഭൂമിശാസ്ത്രപരമായും രാഷ്ട്രീയമായും തന്ത്രപരമായ മൂല്യമുള്ള, അഥവാ ഏതു വലിപ്പത്തിലുമുള്ള വിപണിയുള്ള, അല്ലെങ്കിൽ എണ്ണ, സ്വർണ്ണം, വജ്രം, കോബാൾട്ട്, കൽക്കരി തുടങ്ങി മൂല്യവത്തായ പ്രകൃതി വിഭവങ്ങളുള്ള അഥവാ സ്വകാര്യവൽക്കരിക്കപ്പെടാൻ അടിസ്ഥാന ആന്തരിക ഘടനയുള്ള ദരിദ്ര രാഷ്ട്രങ്ങൾ സാമ്രാജ്യം കൽപ്പിക്കുന്നതുപോലെ ചെയ്തോളണം. അല്ലെങ്കിൽ അവ സൈനിക ലക്ഷ്യങ്ങളാവും. പ്രകൃതി വിഭവങ്ങളുടെ ഏറ്റവും വലിയ കലവറകളുള്ള രാഷ്ട്രങ്ങളാണ് ഏറ്റവും അപകടത്തിൽ. കോർപ്പറേറ്റ് സംവിധാനത്തിന് ഈ രാഷ്ട്രങ്ങൾ അവരുടെ വിഭവങ്ങൾ സ്വമേധയാ അടിയറ വെക്കുന്നില്ലെങ്കിൽ, അഭ്യന്തര കലാപം ഉയർത്തിവിടും, അല്ലെങ്കിൽ യുദ്ധത്തിനിരയാവും. കാണുന്നതുപോലെയല്ല കാര്യം എന്ന നിലയ്ക്ക് ഇന്നത്തെ സാമ്രാജ്യത്വത്തിന്റെ പുതിയ യുഗത്തിൽ, ബന്ധപ്പെട്ട കമ്പനികളുടെ മുൻ നിർവ്വാഹകർ വിദേശ നയതീരുമാനങ്ങളെ സ്വാധീനിക്കാൻ അനുവദിക്കപ്പെടുന്നു — വാഷിംഗ്ടണിലെ



'സെന്റർ ഫോർ പബ്ലിക് ഇന്റഗ്രിറ്റി' എന്ന സംഘടനയുടെ കണ്ടെത്തൽ ശ്രദ്ധേയമാണ് : 2001 നും 2002 നും ഇടയിൽ 760 ദശലക്ഷം ഡോളറിന്റെ പ്രതിരോധ കരാറുകൾ നൽകപ്പെട്ട കമ്പനികളുമായി ബന്ധപ്പെട്ടവരാണ് അമേരിക്കൻ സർക്കാരിന്റെ പ്രതിരോധ നയ ബോർഡിലെ 30 അംഗങ്ങളിൽ 9 പേരും. മുൻ അമേരിക്കൻ സ്റ്റേറ്റ് സെക്രട്ടറിയായ ജോർജ്ജ് ഷുൾട്ട്സ് ഇറാക്കിന്റെ വിമോചനത്തിനു വേണ്ടിയുള്ള കമ്മിറ്റിയുടെ ചെയർമാനായിരുന്നു. ബെച്റ്റൽ ഗ്രൂപ്പ് കമ്പനിയുടെ ഡയറക്ടർ ബോർഡിലും ഇയാളുണ്ട്. ഇറാക്കിലെ യുദ്ധവുമായി ബന്ധപ്പെട്ട താൽപര്യ സംഘർഷത്തെക്കുറിച്ച് ചോദിച്ചപ്പോൾ അയാൾ പറഞ്ഞു: "ബെച്റ്റലിന് ഇതിൽ നിന്നും പ്രത്യേക ഗുണം ഉണ്ടാവുമെന്ന് ഞാൻ കരുതുന്നില്ല. പക്ഷെ, എന്തെങ്കിലും പണി ചെയ്യേണ്ടതുണ്ടെങ്കിൽ അത് ചെയ്യാൻ കഴിയുന്നത് ബെച്റ്റൽ പോലുള്ള കമ്പനിക്കായിരിക്കും. പക്ഷെ ലാഭം ഉണ്ടാക്കാൻ പറ്റുന്ന ഒന്നായിട്ട് അതിനെ ആരും നോക്കിക്കാണുന്നില്ല." യുദ്ധാനന്തരം ഇറാക്കിന്റെ പുനർ നിർമ്മാണത്തിന് ബെച്റ്റൽ കമ്പനി 680 ദശലക്ഷം ഡോളറിന്റെ കരാറിൽ ഒപ്പിട്ടു.

ഇതിന്റെ മൃഗീയമായ തനി പകർപ്പുകൾ ലാറ്റിനമേരിക്കയിലും, ആഫ്രിക്കയിലും, മദ്ധ്യ, ദക്ഷിണ-പൂർവ്വ ഏഷ്യൻ രാജ്യങ്ങളിലും വീണ്ടും വീണ്ടും ഉപയോഗിക്കപ്പെട്ടിട്ടുണ്ട്. തന്മൂലം ദശലക്ഷക്കണക്കിനാളുകളുടെ ജീവഹാനി സംഭവിച്ചിട്ടുണ്ട്. സാമ്രാജ്യം നടത്തുന്ന ഓരോ യുദ്ധവും നീതിയ്ക്കുവേണ്ടിയുള്ള യുദ്ധമായി വ്യാഖ്യാനിക്കപ്പെടുന്നു എന്നത് സ്പഷ്ടം. ഒരു വലിയ പരിധിവരെ ഇതിനു കാരണം കോർപ്പറേറ്റ് മാദ്ധ്യമങ്ങളാണ്. നവ-ലിബറൽ പദ്ധതികളെ വെറുതെ പിന്താങ്ങുകയല്ല കോർപ്പറേറ്റ് മാദ്ധ്യമങ്ങൾ എന്നു മനസ്സിലാക്കേണ്ടത് പ്രധാനമാണ്. അതാണ് നവ-ലിബറൽ പദ്ധതി. അത് തിരഞ്ഞെടുത്തിരിക്കുന്ന ഒരു ധാർമ്മിക സ്ഥാനം അല്ല അത്. അത് ഘടനാപരമാണ്. പൊതുജനമാദ്ധ്യമങ്ങൾ എങ്ങനെ പ്രവർത്തിക്കുന്നുവെന്നതിന്റെ സാമ്പത്തിക തത്ത്വത്തിൽ അന്തർലീനമാണത്.

ഭൂരിഭാഗം രാഷ്ട്രങ്ങൾക്കും ഹീനമായ ധാരാളം കുടുംബ രഹസ്യങ്ങളുണ്ട്. അതുകൊണ്ട് പലപ്പൊഴും മാദ്ധ്യമങ്ങൾക്ക് നുണ പറയേണ്ട ആവശ്യം വരുന്നില്ല. ഊന്നിപ്പറയപ്പെടുന്നത് അതാണ്, അവഗണിക്കപ്പെടുന്നതും. ഉദാഹരണത്തിന്, നീതിയുക്തമായ ഒരു യുദ്ധത്തിന് ഇന്ത്യ ഒരു ലക്ഷ്യമായി തിരഞ്ഞെടുക്കപ്പെട്ടു. 1989 മുതൽ കാഷ്മീരിൽ 80,000 ആളുകൾ കൊല്ലപ്പെട്ടുവെന്ന വസ്തുത. ഭൂരിഭാഗവും മുസ്ലീങ്ങളായിരുന്നു. ഭൂരിഭാഗവും കൊല്ലപ്പെട്ടത് ഇന്ത്യൻ സുരക്ഷാഭടന്മാരാലാണ്. (ശരാശരി മരണനിരക്ക് ഒരു വർഷം 6000) കഷ്ടി ഒരു വർഷത്തിനുമുൻപ് 2003 മാർച്ചിൽ ഗുജറാത്തിലെ തെരുവുകളിൽ 2000 ത്തിലേറെ മുസ്ലീങ്ങൾ കൊല ചെയ്യപ്പെട്ടു; സ്ത്രീകൾ കൂട്ടബലാൽസംഗത്തിനിരയായി; കുട്ടികൾ ജീവനോടെ കത്തിക്കപ്പെട്ടു. 150,000 ആളുകൾ വീടുകളിൽ നിന്ന് തുരത്തപ്പെട്ടു. അതേ സമയം പോലീസും ഭരണ സംവിധാനവും കാഴ്ചക്കാരായി, ചിലപ്പോൾ അവർ നേരിട്ട് പങ്കാളികളായി. ഇതാണ് വസ്തുത. ഈ കുറ്റങ്ങളുടെ പേരിൽ ആരും ശിക്ഷിക്കപ്പെട്ടില്ല. അതൊന്നും കണ്ടില്ലെന്നു നടിച്ച സർക്കാർ വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. ഇതെല്ലാം അന്താരാഷ്ട്ര ദിനപത്രങ്ങളിൽ ഉത്തമമായ തലക്കെട്ടുകളാവും.

ഇനി നാമറിയും, നമ്മുടെ നഗരങ്ങൾ ക്രൂയിസ് മിസ്സൈലുകളാൽ നിരപ്പാക്കപ്പെടും, നമ്മുടെ ഗ്രാമങ്ങളിൽ റേസർ കമ്പി വേലികളുയരും, അമേരിക്കൻ പട്ടാളക്കാർ നമ്മുടെ തെരുവുകളിൽ കവാത്തുനടത്തും. നരേന്ദ്രമോഡിയോ, പ്രവീൺ തൊഗാഡിയോ അല്ലെങ്കിൽ അതുപോലുള്ള പ്രസിദ്ധരായ മതഭ്രാന്തർ, സദ്ദാം ഹുസൈനെപ്പോലെ അമേരിക്കൻ കസ്റ്റഡിയിലാവും, പ്രൈം ടൈം ടി.വി.യിൽ അവരുടെ തലമുടിയിൽ പേനുണ്ടോയെന്ന് പരിശോധിക്കപ്പെടും, അവരുടെ പല്ലുകളുടെ വിള്ളലുകൾ നികത്തിയത് പരിശോധിക്കപ്പെടും.

പക്ഷെ നമ്മുടെ 'വിപണികൾ' തുറന്നിരിക്കുന്ന കാലത്തോളം, എൻറോൺ, ബെച്റ്റൽ, ഹാലിബർട്ടൺ, ആർതർ ആന്റേർസൺ പോലുള്ള കോർപ്പറേഷനുകൾക്ക് സ്വതന്ത്രമായ കൈ നൽകപ്പെടുന്ന കാലത്തോളം, നമ്മുടെ ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെടുന്ന സർക്കാരുകൾക്ക്, ജനാധിപത്യത്തിനും ഭൂരിപക്ഷവാദത്തിനും ഫാസിസത്തിനുമിടയിലുള്ള രേഖ നിർഭയമായി മങ്ങിയതാക്കാൻ കഴിയും.

ചേരി ചേരായ്മയുടെ അഭിമാനകരമായ പാരമ്പര്യം ഉപേക്ഷിക്കുവാനും പൂർണ്ണമായും ചേരിയുള്ളവരുടെ നിരയിൽ തലപ്പത്തേയ്ക്ക് കുതിക്കുവാനുമുള്ള (പരിഷ്കൃത പ്രയോഗം ' സ്വാഭാവിക സഖ്യം' എന്നാണ്. ഇന്ത്യ, ഇസ്രയേൽ, അമേരിക്ക ഇവരാണ് സ്വാഭാവിക സഖ്യ രാഷ്ട്രങ്ങൾ) നമ്മുടെ സർക്കാരിന്റെ വിധേയത്വം നിറഞ്ഞ സമ്മതം, സ്വന്തം നിയമവിധേയത്വത്തോട് ഒത്തു തീർപ്പുണ്ടാക്കാത്ത, ഒരടിച്ചമർത്തുന്ന ഭരണ സംവിധാനമാകാൻ അതിന് അവസരം ഒരുക്കിയിരിക്കുന്നു.

ഒരു സർക്കാരിന്റെ ഇരകൾ അതിനാൽ കൊല്ലപ്പെടുന്നവരോ ജയിലിലടക്കപ്പെടുന്നവരോ മാത്രമല്ല. വികസന പദ്ധതികൾ മൂലം പുറന്തള്ളപ്പെട്ടവരും അവകാശം നിഷേധിക്കപ്പെട്ടവരും, ജീവിതാവസാനം വരെ പട്ടിണിക്കും ഇല്ലായ്മക്കും വിധിക്കപ്പെട്ടവരും കൂടി അതിൽ ഉൾപ്പെടുത്തപ്പെടേണ്ടതുണ്ട്. കഴിഞ്ഞ 55 വർഷങ്ങൾക്കുള്ളിൽ വൻ അണക്കെട്ടുകൾ മാത്രം 33-55 ദശ ലക്ഷത്തിനിടയിൽ ആളുകളെ ഇന്ത്യയിൽ പുറന്തള്ളിയിട്ടുണ്ട്. അവർക്ക് നീതിയെ ആശ്രയിക്കാൻ മാർഗ്ഗമില്ല.

കഴിഞ്ഞ 2 വർഷങ്ങൾക്കുള്ളിൽ, സമാധാനപരമായി പ്രതിഷേധിച്ച ഭൂരിഭാഗം ആദിവാസികൾക്കും ദളിതുകൾക്കുമെതിരെ പോലീസ് വെടിയുതിർത്ത നിരവധി സംഭവങ്ങളുണ്ടായിട്ടുണ്ട്. പാവപ്പെട്ടവർ, പ്രത്യേ

കിച്ച് ആദിവാസി - ദളിത് വിഭാഗക്കാർ വന മേഖലയിൽ അതിക്രമിച്ചു കടന്നു എന്ന പേരിൽ കൊല്ലപ്പെടുന്നു. വനമേഖലയിൽ അതിക്രമിച്ചുകടന്ന് അണക്കെട്ടുകൾ, ഖനികൾ, ഉരുക്കുനിർമ്മാണശാലകൾ, മറ്റു വികസന പദ്ധതികൾ എന്നിവയിൽ നിന്ന് സ്വന്തം വനഭൂമി സംരക്ഷിക്കാൻ ശ്രമിച്ചു എന്ന പേരിൽ കൊല്ലപ്പെടുന്നു. പോലീസ് വെടിയുതിർത്ത ഓരോ കേസിലും ആക്രമണത്താൽ പോലീസ് പ്രകോപിതരായി എന്നു പറയുകയാണ് സർക്കാർ തന്ത്രം. വെടിവെച്ചു വീഴ്ത്തപ്പെടുന്നവർ സായുധ കലാപകാരികളായി മുദ്രകുത്തപ്പെടുന്നു.


രാജ്യത്തുടനീളം പ്രായപൂർത്തിയാവാത്തവരടക്കം ആയിരക്കണക്കിന് നിരപരാധികൾ 'പോട്ടോ' പ്രകാരം അറസ്റ്റു ചെയ്യപ്പെടുകയോ, വിചാരണ കൂടാതെ അനിശ്ചിത കാലത്തേയ്ക്ക് ജയിലിലടക്കപ്പെടുകയോ ചെയ്യുന്നു. ഭീകരതക്കെതിരെയുള്ള യുദ്ധത്തിന്റെ ഈ യുഗത്തിൽ 'ദാരിദ്ര്യം' എന്നത് ഗൂഢമായി ഭീകരതയുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. കോർപ്പറേറ്റ് ആഗോളീകരണത്തിന്റെ ഈ കാലഘട്ടത്തിൽ ദാരിദ്ര്യം ഒരു കുറ്റമാണ്. കൂടുതൽ ദരിദ്രമാക്കപ്പെടുന്നതിനെക്കുറിച്ച് പ്രതിഷേധിക്കുകയെന്നത് ഭീകരവാദമാവുന്നു. ഇപ്പോൾ നമ്മുടെ സുപ്രീം കോടതി പറയുന്നു, സമരം ചെയ്യുന്നത് കുറ്റമാണെന്ന്. കോടതിയെ വിമർശിക്കുന്നതും കുറ്റമാണ്. അവര് രക്ഷാമാർഗ്ഗങ്ങളൊക്കെ അടയ്ക്കുകയാണ്.

സാമ്രാജ്യത്തെ സേവിക്കുന്ന, അഴിമതിക്കാരായ പ്രാദേശിക വരേണ്യ ഏജന്റുകളുടെ ശൃംഖലയെയാണ്, പഴയ സാമ്രാജ്യത്വത്തെപ്പോലെ പുതിയ സാമ്രാജ്യത്വവും ആശ്രയിക്കുന്നത്. ഇന്ത്യയിൽ എൻറോണിന്റെ ഹീനമായ കഥ നമുക്കറിയാം. അന്നത്തെ മഹാരാഷ്ട്ര സർക്കാർ ഒരു കരാറിൽ ഒപ്പിട്ടു. അതിലൂടെ എൻറോൺ, ഇന്ത്യയുടെ മുഴുവൻ ഗ്രാമീണ ബജറ്റിന്റെയും 600% ത്തോളം ലാഭം അടിച്ചെടുത്തു. ഒരൊറ്റ അമേരിക്കൻ കമ്പനിക്കാണ് 500 ദശലക്ഷം ആളുകൾക്കുള്ള അടിസ്ഥാന ആന്തരിക ഘടനാ വികസനത്തിനുള്ള ഫണ്ടിനു തുല്യമായ ലാഭം ഉറപ്പാക്കപ്പെട്ടത് !

മുൻ കാലങ്ങളിൽ നിന്ന് വ്യത്യസ്തമായി പുതിയ സാമ്രാജ്യവാദിയ്ക്ക് മലമ്പനിയേയോ അതിസാരത്തേയോ അകാല മരണത്തെയോ ഭയന്ന് ഉഷ്ണമേഖലാ രാജ്യങ്ങളിലൂടെ നടന്നു നീങ്ങേണ്ടതില്ല. ഇ-മെയിലിലൂടെ പുതിയ സാമ്രാജ്യനിർവ്വഹണം നടത്താം. പഴയ സാമ്രാജ്യത്വത്തിന്റെ വംശീയതയുടെ വൃത്തിഹീനമായ കൈകൾ കാലഹരണപ്പെട്ടിരിക്കുന്നു. നവ സാമ്രാജ്യത്വത്തിന്റെ മൂലക്കല്ല് നവ വംശീയതയാണ്.

നവവംശീയതയുടെ വിചിത്രമായ പ്രതീകമാണ് അമേരിക്കയിൽ ' തുർക്കിക്കോഴികൾക്ക് മാപ്പ് കൊടുക്കുന്ന' പാരമ്പര്യം. 1947 മുതൽ ഓരോ വർഷവും 'ദേശീയ തുർക്കിക്കോഴി ഫെഡറേഷൻ' അമേരിക്കൻ പ്രസിഡന്റിന് ' നന്ദി പറയൽ ചടങ്ങിന് ' ഒരു തുർക്കിക്കോഴിയെ സമ്മാനിക്കുന്നു. ഓരോ വർഷവും, ഔപചാരികമായ വിശാല മനസ്കതയുടെ ഒരു പ്രകടനം എന്ന നിലയ്ക്ക് പ്രസിഡന്റ് ആ പ്രത്യേക കോഴിയെ സ്വതന്ത്രമാക്കുന്നു. (മറ്റൊന്നിനെ ഭക്ഷിക്കുന്നു). പ്രസിഡന്റിന്റെ മാപ്പ് ലഭിച്ചതിനുശേഷം 'ആ തിരഞ്ഞെടുക്കപ്പെട്ടവൻ' വെർജീനിയയിലെ ' ഫ്രയിങ്ങ് പാൻ പാർക്കി' ലേക്ക് സ്വാഭാവിക ജീവിതം നയിക്കാൻ വിട്ടയക്കപ്പെടുന്നു. ദൈവത്തിന് നന്ദിയർപ്പിക്കൽ ചടങ്ങിനുവേണ്ടി വളർത്തപ്പെടുന്ന ബാക്കി 50 ദശലക്ഷം തുർക്കിക്കോഴികൾ അന്നേദിവസം കശാപ്പുചെയ്യപ്പെടുകയും ഭക്ഷിക്കപ്പെടുകയും ചെയ്യുന്നു. പ്രസിഡന്റിനുള്ള തുർക്കിക്കോഴിക്കരാറ് നേടിയെടുത്ത ' കോനാഗ്രാ ഫുഡ്സ് ' കമ്പനി പറയുന്നത് തങ്ങൾ ഈ ഭാഗ്യവാന്മാരായ പക്ഷികളെ സാമൂഹികമായി ഇടപഴകാനും അന്തസ്സുള്ള ആളുകളോടും കുട്ടികളോടും പത്രലോകത്തോടും ഇടകലരാനും പരിശീലിപ്പിക്കുന്നു എന്നാണ്. (അധികം വൈകാതെ അവ ഇംഗ്ലീഷ് സംസാരിക്കാൻ തുടങ്ങും)

അങ്ങനെയാണ് കോർപ്പറേറ്റ് യുഗത്തിൽ നവ സാമ്രാജ്യത്വം പ്രവർത്തിക്കുന്നത്. ശ്രദ്ധാപൂർവ്വം വളർത്തപ്പെടുന്ന കുറച്ച് തുർക്കിക്കോഴികൾക്ക്- പല രാഷ്ട്രങ്ങളിലേയും പ്രാദേശിക വരേണ്യവിഭാഗക്കാർ, സമ്പന്നകുടിയേറ്റക്കാർ, നിക്ഷേപ ബാങ്കുകൾ, വല്ലപ്പോഴും കോളിൻ പവലോ, കോണ്ടോ ലീസ്സാ റൈസോ, ചില പാട്ടുകാരോ, ചില എഴുത്തുകാരോ (എന്നെപോലെ) - പാപ മോചനവും ഫ്രയിങ് പാർക്കിലേക്ക് സൗജന്യപാസ്സും നൽകപ്പെടുന്നു.



അവശേഷിക്കുന്ന ദശലക്ഷങ്ങൾക്ക് അവരുടെ ജോലികൾ നഷ്ടപ്പെടുന്നു. അവർ അവരുടെ വീടുകളിൽ നിന്ന് പുറന്തള്ളപ്പെടുന്നു, അവരുടെ വിദ്യുച്ഛക്തി കണക്ഷൻ മുറിക്കപ്പെടുന്നു, അവർ എയ്ഡ്സ് പിടിച്ച് മരിക്കുന്നു. അടിസ്ഥാനപരമായി അവർ പാചക പാത്രത്തിലേക്ക് പോകേണ്ടവരാണ്. പക്ഷെ ഫ്രയിങ്ങ് പാർക്കിലെ ഭാഗ്യവാന്മാർ സുഖമായി ജീവിക്കുന്നു. അവരിൽ ചിലർ ഐ.എം.എഫിനും ഡബ്ല്യു.ടി.ഒ. വിനും വേണ്ടി പണിയെടുക്കുന്നു. അതുകൊണ്ട് ആർക്കാണ് ആ സംഘടനകളെ 'തുർക്കിക്കോഴി വിരുദ്ധം' എന്ന് ആരോപിക്കാനാവുക ? ചിലർ തുർക്കിക്കോഴി തിരഞ്ഞെടുക്കൽ കമ്മറ്റിയിലെ ബോർഡ് അംഗങ്ങളാണ്. അതുകൊണ്ട് ആർക്കുപറയാനാവും തുർക്കിക്കോഴികൾ ' നന്ദി പറയലിന് ' എതിരാണെന്ന് ? അവർ അതിൽ പങ്കെടുക്കുന്നു! ഫ്രയിങ്ങ് പാൻ പാർക്കിൽ എത്തിപ്പെടാൻ ഒരു ചവിട്ടിമെതിക്കൽ തന്നെ നടക്കുന്നു. അതുകൊണ്ട് പോണവഴിക്ക് അധികം പേരും നശിച്ചാലെന്താ?

നവവംശീയ പദ്ധതിയുടെ ഭാഗമാണ് നവവംശഹത്യ. സാമ്പത്തിക ആശ്രിതത്വത്തിന്റെ ഈ പുതിയ യുഗത്തിൽ സാമ്പത്തിക നിയന്ത്രണങ്ങൾ ജനഹത്യ എളുപ്പമാക്കുന്നു. നേരെപോയി ആളുകളെ കൊല്ലുന്നതിനു പകരം കൂട്ടമരണത്തിലേക്ക് നയിക്കുന്ന സാഹചര്യങ്ങൾ അത് സൃഷ്ടിക്കുന്നു. 1997-98 ൽ ഇറാക്കിലെ, ഐക്യരാഷ്ട്ര സംഘടനയുടെ മാനവീയ സംയോജകനായ ഡെന്നിസ് ഹാല്ലിഡേ (ആ സ്ഥാനം പിന്നീട് അദ്ദേഹം വെറുപ്പോടെ രാജിവെച്ചു) ' വംശഹത്യ ' എന്ന പദം ഉപയോഗിച്ചത് ഇറാക്കിലെ 'വിലക്കുകളെ' വിവരിക്കാനാണ്. അര ദശലക്ഷത്തിലേറെ കുട്ടികളുടെ ജീവൻ അപഹരിച്ചുകൊണ്ടാണ്

**സാമ്രാജ്യത്വത്തിന് അതിന്റെ ലക്ഷ്യങ്ങൾ നേടാൻ ഭൗതികമായി അസാധ്യമാക്കുന്നതിനുവേണ്ടി പ്രവർത്തിക്കുകയെന്നാണതിന്റെ അർത്ഥം. പട്ടാളക്കാർ പോരാടാൻ വിസമ്മതിക്കണം, കരുതൽ സേവകർ, സേവനത്തിന് വിസമ്മതിക്കണം, കപ്പലുകളിലും വിമാനങ്ങളിലും ആയുധങ്ങൾ കയറ്റാൻ തൊഴിലാളികൾ വിസമ്മതിക്കണം എന്നാണതിന്റെ അർത്ഥം. ഇന്ത്യയിലേയും പാക്കിസ്ഥാനിലേയും പട്ടാളക്കാർ ഇറാക്കിലേക്ക് അയക്കപ്പെടുന്നതിനെ തടയുകയെന്നതാണ് തീർച്ചയായും അതിന്റെ അർത്ഥം.**

ഈ വിലക്കുകൾ ഇറാക്കിൽ സദ്ദാം ഹുസൈന്റെ ഏറ്റവും നല്ല ശ്രമങ്ങളെ നിഷ്പ്രഭമാക്കിയത്.

മുൻകാല നയമായ വർണ്ണ വിവേചനം പുതിയ യുഗത്തിൽ കാലഹരണപ്പെട്ടിരിക്കുന്നു. അനാവശ്യമായിത്തീർന്നിരിക്കുന്നു. പാവപ്പെട്ടവരെ അവരുടെ ബന്തവസ്സുകളിൽ ഒതുക്കുന്ന ബഹു-പാർശ്വ വ്യാപാര നിയമങ്ങളുടെയും ധനകാര്യകരാറുകളുടെയും സങ്കീർണ്ണ സമ്പ്രദായത്തെ വ്യാപാരത്തിന്റെയും ധനകാര്യത്തിന്റെയും അന്താരാഷ്ട്ര ഉപകരണങ്ങൾ കണ്ടില്ലെന്നു നടിക്കുന്നു. അതിന്റെ മൊത്തം ഉദ്ദേശം അനീതിയെ സ്ഥാപനവൽക്കരിക്കുകയെന്നതാണ്. മറ്റെന്തുകൊണ്ടാണ്, ലണ്ടനിൽ ഉണ്ടാക്കിയ വസ്ത്രത്തിനേക്കാൾ ബംഗ്ലാദേശിൽ ഉണ്ടാക്കിയ വസ്ത്രത്തിന്മേൽ 20% കൂടുതൽ നികുതി ഈടാക്കുന്നത് ? മറ്റെന്തുകൊണ്ടായിരിക്കാം ലോകത്തിലെ കൊക്കോ പരിപ്പിന്റെ 90% ഉത്പാദിപ്പിക്കുന്ന രാജ്യങ്ങൾ ലോകത്തിലെ ചോക്ക്ലേറ്റിന്റെ 5% മാത്രം ഉത്പാദിപ്പിക്കുന്നത് ? കൊക്കോ പരിപ്പ് ഉത്പാദിപ്പിക്കുന്ന ഘാന, ഐവറി കോസ്റ്റ് പോലുള്ള രാജ്യങ്ങൾ ചോക്കലേറ്റ് ഉത്പാദിപ്പുക്കുവാൻ ശ്രമിക്കുമ്പോൾ വേറെ എന്തുകൊണ്ടായിരിക്കാം കൂടുതൽ നികുതിയടിച്ചേൽപ്പിക്കപ്പെട്ട് വിപണിയിൽ നിന്ന് നിഷ്ക്കാസനം ചെയ്യപ്പെടുന്നത് ? കൃഷിക്കാർക്ക് സബ്സിഡിയായി ദിവസേന 10 ദശലക്ഷം ഡോളറിനേക്കാൾ കൂടുതൽ ചിലവുചെയ്യുന്ന സമ്പന്ന രാഷ്ട്രങ്ങൾ മറ്റെന്തുകൊണ്ടായിരിക്കാം ഇന്ത്യയെപ്പോലുള്ള ദരിദ്ര രാഷ്ട്രങ്ങൾ വൈദ്യുതിയുടേതടക്കമുള്ള കാർഷിക സബ്സിഡികൾ പിൻവലിക്കണമെന്നാവശ്യപ്പെടുന്നത് ? അധിനിവേശ ഭരണകൂടങ്ങളാൽ അര നൂറ്റാണ്ടിലേറെക്കാലം കൊള്ളയടിക്കപ്പെട്ടിട്ടും എന്തുകൊണ്ടായിരിക്കാം കോളനിക്കാർ ആ രാജ്യങ്ങൾക്ക് അങ്ങേയറ്റം കടക്കാരാവുന്നത്, ഒരു വർഷം 3820 ദശലക്ഷം ഡോളർ മടക്കികൊടുക്കേണ്ടിവരുന്നത് ?

ഇക്കാരണങ്ങൾ കൊണ്ടെല്ലാം തന്നെ കാൻകൂണിലെ വ്യാപാര കരാറുകളുടെ പാളം തെറ്റൽ നമുക്ക് നിർണ്ണായകമായിരുന്നു. നമ്മുടെ ഗവണ്മേന്റുകൾ അതിന്റെ പേരിൽ പേരെടുക്കാൻ ശ്രമിക്കുന്നുണ്ടെങ്കിലും, നിരവധി രാഷ്ട്രങ്ങളിലെ ദശലക്ഷക്കണക്കിനാളുകളുടെ വർഷങ്ങൾ നീണ്ടുനിന്ന ശ്രമങ്ങളുടെ ഫലമായിട്ടായിരുന്നു അതെന്ന് നമുക്കറിയാം. നശിപ്പിക്കേണ്ടതിനെ യഥാർത്ഥത്തിൽ നശിപ്പിക്കുവാനും തീവ്രമായി മാറ്റം വരുത്തുവാനും, പ്രാദേശിക പ്രതിരോധപ്രസ്ഥാനങ്ങൾ അന്താരാഷ്ട്ര സഖ്യങ്ങൾ ഉണ്ടാക്കേണ്ടത് മർമ്മ പ്രധാനമാണെന്ന് കാൻകൂൺ നമ്മെ പഠിപ്പിച്ചു. പ്രതിരോധത്തെ ആഗോളീകരിക്കുന്നതിന്റെ പ്രാധാന്യം നാം കാംകൂണിൽ നിന്ന് മനസ്സിലാക്കി.

ഒരു രാഷ്ട്രത്തിനും ഒറ്റയ്ക്ക് കോർപ്പറേറ്റ് ആഗോളീകരണത്തിന്റെ പദ്ധതിയെ ചെറുക്കാനാവില്ല. നവ ലിബറൽ പദ്ധതികളുടെ കാര്യം വരുമ്പോൾ, നമ്മുടെ കാലഘട്ടത്തിലെ വീര നായകർ മങ്ങിപ്പോവുന്നത് വീണ്ടും വീണ്ടും നാം കാണുന്നു. അസാധാരണക്കാരായ, ആരെയും ആകർഷിക്കുന്നവർ, പ്രതിപക്ഷത്തിരിക്കുമ്പോൾ അതികായന്മാരായിരുന്നവർ, അധികാരം പിടിച്ചെടുക്കുകയും രാഷ്ട്രത്തലവന്മാരായി തീരുകയും ചെയ്യുമ്പോൾ ആഗോളതലത്തിൽ ദുർബ്ബലരായിത്തീരുന്നു. ഞാൻ ഇവിടെ ചിന്തിക്കുന്നത് ബ്രസീലിലെ പ്രസിഡന്റ് ലുലയെക്കുറിച്ചാണ്. കഴിഞ്ഞ വർഷത്തെ ലോക സോഷ്യൽ ഫോറത്തിലെ വീര പുരുഷനായിരുന്നു ലുല. ഇക്കൊല്ലം അയാൾ ഐ.എം.എഫിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കുന്നതിന്റെയും പെൻഷൻ ആനുകൂല്യം കുറയ്ക്കുന്നതിന്റെയും തൊഴിലാളി വർഗ്ഗ പാർട്ടിയിൽനിന്ന് 'പുരോഗമന' വാദികളെ ശുദ്ധീകരിക്കുകയും ചെയ്യുന്നതിന്റെയും തിരക്കിലാണ്. സൗത്ത് ആഫ്രിക്കയിൽ മുൻ പ്രസിഡന്റായിരുന്ന നെൽസൺ മണ്ടേലയെക്കുറിച്ചും ഞാൻ ചിന്തിക്കുന്നു. 1994 ൽ അധികാരം ഏറ്റ് 2 വർഷങ്ങൾക്കുള്ളിൽ അദ്ദേഹത്തിന്റെ സർക്കാർ ഒരു മുന്നറിയിപ്പ് പോലും ഇല്ലാതെ 'വിപണി ദൈവത്തിന്റെ' മുമ്പിൽ മുട്ടുമടക്കി. ദശലക്ഷക്കണക്കിനാളുകളെ ഭവന രഹിതരും, തൊഴിൽരഹിതരും, വെള്ളവും വൈദ്യുതിയും ലഭിക്കാത്തവരുമാക്കിക്കൊണ്ട് ആ സർക്കാർ സ്വകാര്യവൽക്കരണത്തിന്റെയും ഘടനാപരമായ നീക്കുപോക്കിന്റെയും വിപുലമായ പരിപാടി നടപ്പിലാക്കി.

എന്തുകൊണ്ട് ഇങ്ങനെ സംഭവിക്കുന്നു? നെഞ്ചത്തടിച്ച് നിലവിളിച്ചതുകൊണ്ടോ, വഞ്ചിക്കപ്പെട്ടു എന്ന തോന്നലുണ്ടായതുകൊണ്ടോ ഒരു കാര്യവുമില്ല. എങ്ങനെ കണക്കാക്കിയാലും ലുലയും മണ്ടേലയും മഹാവ്യക്തികളാണ് പക്ഷെ, പ്രതിപക്ഷസ്ഥാനത്തുനിന്ന് ഭരണ പക്ഷത്തേക്ക് അവർ കാലെടുത്തു വെക്കുന്ന ആ നിമിഷം തന്നെ ഒരു നിര ഭീഷണികൾക്ക്




അവർ ബന്ദികളാവുന്നു. അവയിൽ ഏറ്റവും നിർദ്ദയമായത് മൂലധനത്തിന്റെ പലായനം ആണ്. അതിന് ഏതു സർക്കാരിനെയും ഒറ്റ രാത്രി കൊണ്ട് തകർക്കാൻ കഴിയും. ഒരു നേതാവിന്റെ വ്യക്തിപ്രഭാവവും സമരചരിത്രവും കോർപ്പറേറ്റ് കാർട്ടലിനെ ഭേദിക്കാൻ കെൽപ്പുള്ളതായിരിക്കും എന്ന് സങ്കൽപ്പിക്കുന്നത് മുതലാളിത്തത്തെക്കുറിച്ച് ധാരണയില്ലായ്മയാണ്. അതുകൊണ്ട് തന്നെ അധീശാധികാരത്തിന്റെ പ്രവർത്തനശേഷിയെക്കുറിച്ചും, വിപ്ലവകരമായ മാറ്റങ്ങൾ സർക്കാരുകൾക്ക് കൈമാറ്റം ചെയ്യാൻ കഴിയുന്നവയല്ല. ജനങ്ങൾക്കുമാത്രമെ അവ പ്രാബല്യത്തിൽ വരുത്തുവാൻ

കഴിയുകയുള്ളു.

ലോക സോഷ്യൽ ഫോറത്തിൽ ഈ ആഴ്ച ലോകത്തിലെ ഏറ്റവും നല്ല മനസ്സുകളിൽ ചിലർ, നമുക്ക് ചുറ്റും എന്തു സംഭവിക്കുന്നു എന്നതിനെക്കുറിച്ച് ആശയങ്ങൾ കൈമാറും. എത്തരത്തിലുള്ള ലോകത്തിനു വേണ്ടിയാണോ നാം പോരാടുന്നത് എന്നതിനെക്കുറിച്ചുള്ള നമ്മുടെ ദർശനം ഈ ചർച്ചകൾ സമ്പുഷ്ടമാക്കും. ദുർബ്ബലമാക്കപ്പെടാൻ പാടില്ലാത്ത ഒരു മർമ്മപ്രധാനമായ പ്രക്രിയയാണ് അത്. പക്ഷെ, യഥാർത്ഥ രാഷ്ട്രീയ പ്രവർത്തനത്തിനു പകരം, നമ്മുടെ മുഴുവൻ ഊർജ്ജവും ഈ പ്രക്രിയയിലേക്ക് മാത്രം വഴിതിരിക്കപ്പെടുകയാണെങ്കിൽ, ആഗോളനീതിയുടെ പ്രസ്ഥാനത്തിനുവേണ്ടി നിർണ്ണായക പങ്കു വഹിച്ച ഡബ്ല്യു. എസ്.എഫ്. നമ്മുടെ ശത്രു




ക്കളുടെ കൈകളിൽ എത്തിപ്പെടുന്ന സ്വത്തായിത്തീരും എന്ന അപകടമുണ്ട്. നാം അടിയന്തിരമായി ചർച്ചചെയ്യേണ്ടത് ചെറുത്തുനിൽപ്പിന്റെ തന്ത്രങ്ങളാണ്. നാം യഥാർത്ഥ ലക്ഷ്യങ്ങളെ ഉന്നം വെക്കണം. യഥാർത്ഥ പോരാട്ടങ്ങൾ നടത്തണം, യഥാർത്ഥ നാശനഷ്ടങ്ങൾ അടിച്ചേർപ്പിക്കണം. ഗാന്ധിയുടെ ഉപ്പു സത്യഗ്രഹയാത്ര വെറും രാഷ്ട്രീയ നാടകമായിരുന്നില്ല. എതിർപ്പിന്റെ ലളിതമായ പ്രവൃത്തിയിലൂടെ ആയിരക്കണക്കിന് ഇന്ത്യക്കാർ കടലിലേക്ക് മാർച്ചു ചെയ്തു, സ്വയം ഉപ്പു കുറുക്കി. അങ്ങനെയവർ ഉപ്പു നികുതി നിയമങ്ങളെ ലംഘിച്ചു. ബ്രിട്ടീഷ് സാമ്രാജ്യത്തിന്റെ സാമ്പത്തിക അടിത്തറയിന്മേലുള്ള പ്രത്യക്ഷമായൊരു പ്രഹരമായിരുന്നു അത്. അത് യഥാർത്ഥമായിരുന്നു. നമ്മുടെ മുന്നേറ്റം ചില പ്രധാന വിജയങ്ങൾ നേടിയിട്ടുണ്ടെങ്കിലും, അഹിംസാത്മക ചെറുത്തു നിൽപ്പിനെ, നിഷ്ഫലമായ, പുറമെ നല്ലതെന്ന് തോന്നിക്കുന്ന, രാഷ്ട്രീയ നാടകമായി ശോഷിക്കാൻ നാം അനുവദിക്കരുത്. നിരന്തരമായി മൂർച്ച കൂട്ടപ്പെടേണ്ടതും പുനർ-ഭാവന ചെയ്യപ്പെടേണ്ടതുമായ വില പിടിച്ച ആയുധമാണത്. അത് മാദ്ധ്യമങ്ങൾക്ക് വെറും കാഴ്ചവസ്തുവായി, ഫോട്ടോയ്ക്കുള്ള അവസരമായി മാറാൻ നാം അനുവദിക്കരുത്.

പൊതുവായ ധാർമ്മികതയുടെ സുന്ദരപ്രകടനത്തിലൂടെ കഴിഞ്ഞ വർഷം ഫെബ്രുവരി 15 ന് 5 ഭൂഖണ്ഡങ്ങളിലെ 10 ദശലക്ഷം ആളുകൾ ഇറാക്കിലെ യുദ്ധത്തിനെതിരെ മാർച്ചുചെയ്തുവെന്നത് അത്ഭുതകരം ആണ്. അത് അത്ഭുതകരം തന്നെയാണ്. പക്ഷെ അത് മാത്രം പോര, ഫെബ്രുവരി 15 ഒരു വാരാന്തമായിരുന്നു. അതുകൊണ്ട് ആർക്കും പണി മുടക്കേണ്ടി വന്നില്ല. ഒഴിവു ദിന പ്രതിഷേധറാലികൾ യുദ്ധങ്ങളെ തടഞ്ഞു നിർത്തുകയില്ല. ജോർജ്ജ് ബുഷിന് അതറിയാം. അതിശയകരമായ പൊതു ജനാഭിപ്രായത്തെ എത്ര മാത്രം ആത്മവിശ്വാസത്തോടെയാണ് അയാൾ അവഗണിച്ചത് എന്നത് നമുക്കൊക്കെ ഒരു പാഠം ആയിരിക്കണം. അഫ്ഗാനിസ്ഥാനെപ്പോലെ, ടിബറ്റിനെ പോലെ, ചെച്നിയയെപ്പോലെ, ഒരിക്കൽ കിഴക്കൻ ടിമോറിനെപ്പോലെ, ഇപ്പോഴത്തെ പാലസ്റ്റീനിയയെപ്പോലെ ഇറാക്കിനെ കീഴടക്കാമെന്നും കോളനിയാക്കാമെന്നും ബുഷ് കരുതുന്നു. പ്രതിസന്ധികളാൽ ആകർഷിക്കപ്പെട്ട മാദ്ധ്യമങ്ങൾ, ആ പ്രതിസന്ധിയെയും വഹിച്ച് പിന്നീട് താഴെയിട്ട് നീങ്ങുന്നതും കാത്ത് കുത്തിയിരിക്കുകയാണ് നല്ലതെന്ന് അയാൾ കരുതുന്നു. ഏറ്റവും നന്നായി വിറ്റഴിക്കപ്പെടുന്ന ചിത്രങ്ങളിൽ നിന്ന് ആ അസ്ഥിപഞ്ജരം വഴുതിപ്പോവും, പ്രകോപിതരായ നമ്മൾക്കെല്ലാം താൽപര്യം നഷ്ടപ്പെടും. അല്ലെങ്കിൽ, അങ്ങനെ അയാൾ പ്രതീക്ഷിക്കുന്നു.

നമ്മുടേതായ ഈ പ്രസ്ഥാനത്തിന് മുഖ്യമായ ഒരാഗോള വിജയം ആവശ്യമാണ്. 'ശരി' ആയാൽ മാത്രം പോരാ. ചിലപ്പോൾ, നമ്മുടെ നിശ്ചയദാർഢ്യത പരീക്ഷിക്കാനായിട്ടെങ്കിലും കാര്യമായ ഒന്ന് നേടേണ്ടത് അനിവാര്യമായിത്തീരുന്നു. എന്തെങ്കിലും കാര്യമായ ഒന്ന് നേടാനായി, ഇവിടെ സമ്മേളിച്ചിട്ടുള്ള നമ്മളെല്ലാവരും, കുറച്ചു കലെ 'മുംബൈ ചെറുത്തുനില്പി' ൽ സംബന്ധിച്ചിട്ടുള്ളവരും ഒരു കാര്യത്തിൽ യോജിക്കേണ്ടത് ആവശ്യമാണ്. നമ്മുടെ തർക്കിക്കുന്നതിലും വാദിക്കുന്നതിലും ആനന്ദം കണ്ടെത്തുന്ന സ്വത്വങ്ങൾക്കനുസരിച്ച് പാകപ്പെടുത്തിയെടുത്ത പൂർവ്വ നിശ്ചിതമായ ഒരു പ്രത്യയ ശാസ്ത്രമാവണമെന്നില്ല അത്. മറ്റെല്ലാം ഒഴിവാക്കി ഏതെങ്കിലും ഒരു തരത്തിൽ അഥവാ മറ്റൊരു തരത്തിലുള്ള ചോദ്യം ചെയ്യപ്പെടാത്ത സഖ്യം ആയിരിക്കണമെന്നില്ല അത്. അത് ഒരു മിനിമം അജണ്ട ആവാൻ കഴിയും.

നമ്മളെല്ലാവരും സാമ്രാജ്യത്വത്തിനും നവ ലിബറൽ പദ്ധതികൾക്കുമെതിരാണെങ്കിൽ നമുക്ക് നമ്മുടെ നോട്ടം ഇറാക്കിനു മേൽ പതിപ്പിക്കാം. രണ്ടിന്റെയും അനിവാര്യമായ പരിണതഫലമാണ് ഇറാക്ക്. സദ്ദാം ഹുസൈൻ പിടിക്കപ്പെട്ടതിനുശേഷം നിരവധി യുദ്ധ-വിരുദ്ധ ആക്റ്റിവിസ്റ്റുകൾ പരിഭ്രാന്തിയിൽ പിൻവലിഞ്ഞിട്ടുണ്ട്. സദ്ദാം ഹുസൈനില്ലെങ്കിൽ ഈ ലോകം ഒന്നുകൂടി നല്ലതാവുമോ ? അവർ സങ്കോചത്തോടെ ചോദിക്കുന്നു.

എന്നന്നേക്കുമായി നമുക്ക് കാര്യത്തിന്റെ മർമ്മത്തിലേക്ക് നോക്കാം. സദ്ദാം ഹുസൈനെ അമേരിക്കൻ സൈന്യം പിടികൂടിയതിനെ കൈയടിച്ച് പിൻ താങ്ങുകയും, ഒരു തിരിഞ്ഞുനോട്ടത്തിലൂടെ അമേരിക്കൻ ആക്രമണത്തേയും ഇറാക്ക് അധിനിവേശത്തേയും നീതീകരിക്കുകയും ചെയ്യുന്നത് ബോസ്റ്റൺ സ്ട്രാംഗ്ലറുടെ ആന്തരാവയവങ്ങൾ പുറത്തെടുത്ത റിപ്പർ ജാക്കിനെ ആരാധനാ മൂർത്തിയാക്കുന്നതിനു തുല്യമായിരിക്കും. അതും ' കീറിമുറിക്കലും' 'ശ്വാസം മുട്ടിക്കലും' കാൽ നൂറ്റാണ്ട് കൂട്ടുസംരംഭമായിരുന്നതിനുശേഷം. അതൊരു വീട്ടുവഴക്കാണ്. വൃത്തികെട്ട ഒരു കരാറിന്റെ പേരിൽ വഴക്കിട്ട കച്ചവടപങ്കാളികളാണവർ. ജാക്ക് സി.ഇ.ഒ. ആണ്.

അതുകൊണ്ട്, നമ്മൾ സാമ്രാജ്യത്വത്തിന് എതിരാണെങ്കിൽ അമേരിക്കയുടെ ഇറാക്ക് അധിനിവേശത്തിന് എതിരാണെങ്കിൽ, ഇറാക്കിൽ നിന്ന് അമേരിക്ക പിൻവലിയണമെന്ന് കരുതുന്നുവെങ്കിൽ, ഇറാക്കി ജനതയുടെ മേൽ അവർ അടിച്ചേൽപ്പിച്ച യുദ്ധനാശങ്ങൾക്ക് നഷ്ടപരിഹാരം നൽകേണ്ടതുണ്ടെന്ന കാര്യത്തിൽ നമ്മൾ യോജിക്കേണ്ടതല്ലെ ?

നമ്മുടെ ചെറുത്ത് നിൽപ്പ് നാം എങ്ങിനെ തുടങ്ങണം ? യഥാർത്ഥത്തിൽ, ചെറുതിൽ നിന്ന് നമുക്ക് തുടങ്ങാം. അധിനിവേശത്തിനെതിരെയുള്ള ചെറുത്തു നിൽപിൽ ഇറാക്കിനെ പിന്താങ്ങുന്നതോ, ആരാണ് ചെറുത്ത് നിൽപിൽ പങ്കാളികളാവുന്നത് എന്നതോ അല്ല പ്രശ്നം. (അവർ പഴയ 'കൊലയാളി' ബാത്തിസ്റ്റുകളോ,

അതോ ഇസ്ലാമിക മൗലികവാദികളോ?)


അധിനിവേശത്തിനെയിരെയുള്ള ആഗോള ചെറുത്ത് നിൽപ്പിന്റെ ഭാഗമാണ് നാം.

ഇറാക്കിന്റെ മേലുള്ള അമേരിക്കൻ അധിനിവേശത്തിന്റെ നിയമ സാധുതയെ നിഷേധിച്ചുകൊണ്ടാവണം നമ്മുടെ ചെറുത്ത് നിൽപ്പ് ആരംഭിക്കേണ്ടത്. സാമ്രാജ്യത്വത്തിന് അതിന്റെ ലക്ഷ്യങ്ങൾ നേടാൻ ഭൗതികമായി അസാധ്യമാക്കുന്നതിനുവേണ്ടി പ്രവർത്തിക്കുകയെന്നാണതിന്റെ അർത്ഥം. പട്ടാളക്കാർ പോരാടാൻ വിസമ്മതിക്കണം, കരുതൽ സേവകർ, സേവനത്തിന് വിസമ്മതിക്കണം, കപ്പലുകളിലും വിമാനങ്ങളിലും ആയുധങ്ങൾ കയറ്റാൻ തൊഴിലാളികൾ വിസമ്മതിക്കണം എന്നാണതിന്റെ അർത്ഥം. ഇന്ത്യയിലേയും പാക്കിസ്ഥാനിലേയും പട്ടാളക്കാർ ഇറാക്കിലേക്ക് അയക്കപ്പെടുന്നതിനെ തടയുകയെന്നതാണ് തീർച്ചയായും അതിന്റെ അർത്ഥം.

ഇറാക്കിന്റെ നശീകരണത്തിലൂടെ ലാഭം അനുഭവിക്കുന്ന മുഖ്യ കോർപ്പറേഷനുകളിൽ രണ്ടെണ്ണം നാം തിരഞ്ഞെടുക്കുക - ഇതാണ്, ലോക സോഷ്യൽ ഫോറത്തിന്റെയും മുംബൈ ചെറുത്തുനിൽപ്പിന്റെയും സംയുക്ത ഉപസംഹാരചടങ്ങിലൂടെ നാം ചെയ്യേണ്ടത് എന്ന് ഞാൻ നിർദ്ദേശിക്കുന്നു. അവർ ഉൾപ്പെട്ട ഓരോ പദ്ധതിയുടേയും ലിസ്റ്റ് നമുക്ക് തയ്യാറാക്കാം. ലോകത്തിലുടനീളം, ഓരോ നഗരത്തിലും ഓരോ ഗ്രാമത്തിലുമുള്ള അവരുടെ ഓഫീസുകൾ നമ്മൾ കണ്ടെത്തണം. നമുക്ക് അവയുടെ പുറകെ പോകാം. നമുക്ക് അവ അടച്ചിടീപ്പിക്കണം. ഒറ്റ നിശ്ചിത ലക്ഷ്യത്തിലേക്ക് നമ്മുടെ സമാഹൃതവിവേകത്തേയും പൂർവ്വ കാല സമരാനുഭവങ്ങളേയും കേന്ദ്രീകരിക്കുകയെന്നതിന്റെ പ്രശ്നമാണിത്.

പ്രവചനാത്മകമാണെങ്കിലും, എന്തുവില കൊടുത്തും അനീതിയെ സ്ഥായിയാക്കാനും അമേരിക്കൻ ഏകാധിപത്യത്തെ സ്ഥാപിക്കാനും ശ്രമിക്കുകയാണ് 'പുതിയ അമേരിക്കൻ നൂറ്റാണ്ട്' എന്ന പദ്ധതി. ലോക സോഷ്യൽ ഫോറം നീതിയും അതിജീവനവും ആഗ്രഹിക്കുന്നു.

ഇക്കാരണങ്ങൾകൊണ്ട്, നാം ഒരു പോരാട്ടത്തിലാണെന്ന് സ്വയം കണ്ടെത്തണം.




*(2004 ജനുവരി 16-21 ന് മുംബൈയിൽ നടന്ന 'ലോക സോഷ്യൽ ഫോറ' ത്തിന്റെ ഉദ്ഘാടന സമ്മേളനത്തിൽ അരുന്ധതി റോയ് നടത്തിയ പ്രഭാഷണത്തിന്റെ മലയാള പരിഭാഷ.)*


പ്രതീക്ഷിക്കുക

കേരളീയം

**മഴയറിവ് / മഴയനുഭവം**
**പ്രത്യേക പതിപ്പ്**



മഴയുടെ നാട്ടറിവ്, മഴക്കാല ഓർമ്മകൾ, മഴയനുഭവം, മഴയും സാഹിത്യവും, മഴ സ്വപ്നങ്ങൾ, മഴക്കളികൾ, മഴയും ഭക്ഷണവും,.... സിനിമ, ഫോട്ടോകൾ, ലേഖനം, ഓർമ്മ, അനുഭവം,...

ഗസ്റ്റ് എഡിറ്റർ : **വി.എം. ഗിരിജ**, C/o. കേരളീയം, തൃശൂർ-21. ഫോൺ : 0484-2424322

**കുടുംബം, ലൈംഗികത പ്രത്യേക പതിപ്പ്**

മലയാളിയുടെ ലൈംഗികത, ദാമ്പത്യം, വ്യത്യസ്തത പുലർത്തുന്ന കുടുംബബന്ധങ്ങൾ, വിവാഹം-പ്രശ്നങ്ങൾ-സാധ്യതകൾ, ലൈംഗിക അനുഭവങ്ങൾ, കാമനകൾ, ആനന്ദങ്ങൾ, സ്വപ്നങ്ങൾ. ഗാഢബന്ധങ്ങൾ, മാധ്യമങ്ങളിലെ പ്രതിനിധാനങ്ങൾ.

**പഠനം, നിരീക്ഷണം, റിപ്പോർട്ട്/ഫീച്ചർ, അനുഭവങ്ങൾ, വിശകലനം.**

ഗസ്റ്റ് എഡിറ്റർ : **ഡോ. ജയശ്രീ**, C/o. കേരളീയം, തൃശൂർ-21. ഫോൺ : 0471-3255422

**ആയുർവ്വേദ ചികിത്സ**

തൃശൂർ കേരളവർമ്മ കോളേജ് റോഡിലുള്ള ജില്ലാ സഹകരണ ആയുർവ്വേദ ആശുപത്രിയിൽ നടുവേദന, വാതരോഗങ്ങൾ, ആർത്രൈറ്റിസ്, തളർവാതം, ആമവാതം, വാതദന്തം, എല്ലുതേമാനം തുടങ്ങിയ രോഗങ്ങൾക്ക് വിദഗ്ദ്ധ ആയുർവ്വേദ ചികിത്സ ലഭ്യമാണ്. ഉഴിച്ചിൽ / ധാര, പഞ്ചകർമ്മ ചികിത്സകൾ ആശുപത്രിയിൽ അഡ്മിറ്റായും സൗകര്യപ്രദമായ സമയങ്ങളിൽ ഒ.പി. രൂപത്തിലും ചെയ്യുവാനുള്ള സൗകര്യം.

**ഡോ. കെ. മഹേഷ് മേനോൻ, ഡോ. ആഗ്നസ് ക്ലീറ്റസ്**
പരിശോധനസമയം : രാവിലെ 9 മുതൽ വൈകീട്ട് 5 വരെ
ഫോൺ : 0487-2380152

**പ്ലാച്ചിമട സമരം**
**2-ാം വാർഷികം**
**ഏപ്രിൽ 22ന്**

പ്ലാച്ചിമട കൊക്കക്കോള
വിരുദ്ധ സമരസമിതി
പ്ലാച്ചിമടയിലേക്ക്, സമരഭൂമിയിലേക്ക്
താങ്കളെ ക്ഷണിക്കുന്നു.
കൺവീനർ

**MBA**
**M.Sc. Bio Informatics**
**MCA**

**SENSORIUM**

N.P. Complex, Mannath Lane
M.G. Road, Trichur
Ph : 95-487 2320478
Mobile : 94470 20478